# കേരളസർവകലാശാല

നം.പി.ആർ.256 (a)/2023 തിരുവനന്തപുരം, തീയതി: 05/12/2023

## പത്രക്കുറിപ്പ്

## കേരളസർവകലാശാലയുടെ 84-ാമത് ഇന്റർ കോളേജിയേറ്റ് അത്‌ലറ്റിക്സ് മത്സരങ്ങൾ സമാപിച്ചു

2023 നവംബർ 29, 30, ഡിസംബർ 1 എന്നീ ദിവസങ്ങളിൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും വച്ച് നടന്ന കേരളസർവകലാശാലയുടെ 84-ാമത് ഇന്റർ കോളേജിയേറ്റ് അത്‌ലറ്റിക്സ് മത്സരങ്ങളിൽ പുരുഷ വിഭാഗത്തിൽ 83 പോയിന്റോടു കൂടി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജും വനിതാ വിഭാഗത്തിൽ 116 പോയിന്റോടു കൂടി LNCPE യും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ഓവറോൾ ചാമ്പ്യൻഷിപ്പിൽ 149 പോയിന്റോടെ LNCPE ഒന്നാം സ്ഥാനവും 139 പോയിന്റോടെ പുനലൂർ എസ്.എൻ. കോളേജ് രണ്ടാം സ്ഥാനവും 90 പോയിന്റോടെ യൂണിവേഴ്സിറ്റി കോളേജ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കൊല്ലം TKM കോളേജ് ഓഫ് ആർട്സ് & സയൻസിലെ ശ്രീ.ജോമോൻ ജോയി 967 പോയിന്റോടെയും ചെമ്പഴന്തി എസ്.എൻ. കോളേജിലെ കുമാരി നൈനാ ജോസ് എസ്. 923 പോയിന്റോടെയും പുരുഷ-വനിത വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

ഡിസംബർ 01 ന് നടന്ന അത്‌ലറ്റിക് മീറ്റിന്റെ സമാപന ചടങ്ങ് കേരളസർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ.ജി.മുരളീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ മത്സര വിജയികൾക്ക് യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാൾ ഡോ. ടി. സുഭാഷ്, സെനറ്റ് അംഗങ്ങളായ ഡോ. അജി പി.എൽ, പ്രൊഫ. (ഡോ.) ബിജുകുമാർ ആർ. എന്നിവർ സമ്മാനദാനം നിർവഹിച്ചു. കേരളസർവകലാശാല കായിക വകുപ്പ് മേധാവി പ്രൊഫ. (ഡോ.) കെ.ഐ. റസിയ സ്വാഗത പ്രസംഗം നടത്തുകയും മീറ്റിന്റെ കൺവീനറായ ഡോ. ബൈജു എ. (മന്നാനിയ കോളേജ്) നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on*9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240